റസിഡണ്ട് വിദേശ കറൻസി (ഗാർഹികം) അക്കൗണ്ട്
പൗരന്മാർക്കുള്ള സൗകര്യം

ഭാരതീയ റിസർവ്വ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്ര കാര്യാലയം മുംബൈ 400001

A.P (Dir സീരീസ്) സർക്കുലർ നമ്പർ 53 നവംബർ 23, 2002

എല്ലാ അംഗീകൃത വിദേശനാണ്യ ഡീലർമാർക്കും

മാഡം/സർ,

**റസിഡണ്ട് വിദേശ കറൻസി (ഗാർഹികം) അക്കൗണ്ട് പൗരൻന്മാർക്കുള്ള സൗകര്യം**

സർക്കുലർ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാനിരിക്കെ, റസിഡണ്ട് വിദേശ കറൻസി (ഗാർഹികം) അക്കൗണ്ടുകൾ തുറക്കാനായി അംഗീകൃത ഡീലർമാർക്ക് ലഭിക്കേണ്ട അപേക്ഷകൾ അവരുടെ ശുപാർശകളോടെ റിസർവ്വ് ബാങ്കിന്റെ പ്രദേശിക ഓഫീസിലേയ്ക്ക് അയക്കണമെന്ന അറിയിപ്പ് നൽകുന്ന 2002, നവംബർ 1 ലെ A.P. (Dir സീരീസ്) സർക്കുലർ നമ്പർ 37ലേക്ക് അംഗീകൃത ഡീലർമാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. 2000 മെയ് 3 ന് റിസർവ്വ് ബാങ്ക് പുറത്തിറക്കിയ നോട്ടിഫിക്കേഷൻ നമ്പർ FEMA 10/2000-RB ഭേദഗതി ചെയ്തുകൊണ്ട് 2002 നവംബർ 1 ന് റിസർവ് ബാങ്ക് പുറത്തിറക്കിയ നോട്ടിഫിക്കേഷൻ നമ്പർ FEMA 74/2002 RB കോപ്പി അടക്കം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ഇന്ത്യൻ കറൻസി നോട്ടുകൾ, ബാങ്ക് നോട്ടുകൾ ട്രാവല്ലേഴ്സ് ചെക്കുകൾ എന്നിവയുടെ രൂപത്തിൽ ലഭിക്കുന്ന. വിദേശ നാണ്യം ഉപയോഗിച്ച് ഇന്ത്യയിൽ ഒരു അംഗീകൃത ഡീലറുടെ പക്കൽ റസിഡണ്ട് വിദേശ കറൻസി അക്കൗണ്ട് തുറക്കാനും കൈവശം വെയ്ക്കാനും നിലനിർത്താനും റിസർവ് ബാങ്ക് അനുവാദം നൽകുന്നു.

3. അതുപ്രകാരം നോട്ടിഫിക്കേഷനും A.P (Dir സീരീസ്) സർക്കുലർ 37ഉം നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഇന്ത്യയിൽ വസിക്കുന്ന ഒരു വ്യക്തിക്ക് വേണ്ടി അംഗീകൃത ഡീലർ ഒരു അക്കൗണ്ട് തുറക്കുന്നതിനും കൈവശം വെച്ച് നിലനിർത്തുന്നതിനും അധികാരമുണ്ട്.

4. 2002, നവംബർ 1 ലെ നോട്ടിഫിക്കേഷൻ നമ്പർ FEMA 74/2002-RBയിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ 2000, മെയ് 3ലെ നോട്ടിഫിക്കേഷൻ നമ്പർ FEMA 10/2000 ത്തിൽ, ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്.

5. അംഗീകൃത ഡീലർമാർ ഈ സർക്കുലറിലെ ഉള്ളടക്കം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

6. ഈ സർക്കുലറിൽ അടങ്ങിയിട്ടുള്ള വിവരങ്ങൾ 1999 (1999 ൽ 42) വിദേശ വിനിമയ മാനേജ്മെന്റ് നിയമത്തിന്റെ സെക്ഷൻ 10ൽ (4) നും സെക്ഷൻ 11ൽ (1) നും കീഴിലാണ് നിർദ്ദേശിച്ചിരിക്കുന്നത്.

വിശ്വസ്തതയോടെ

ഗ്രേസ് കോശി

ചീഫ് ജനറൽ മാനേജർ

ഭാരതീയ റിസർവ്വ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്ര കാര്യാലയം
മുംബൈ

നോട്ടിഫിക്കേഷൻ നമ്പർ FEMA 74/2002-RB നവംബർ 1, 2002

വിദേശ വിനിമയ മാനേജ്മെന്റ് (ഇന്ത്യൻ പൗരന്റെ വിദേശ കറൻസി അക്കൗണ്ട്) (ഭേദഗതി) നിയന്ത്രണങ്ങൾ, 2002 199 (1999 ലെ 42) ലെ വിദേശ വിനിമയ മാനേജ്മെന്റ് വകുപ്പിന്റെ സെക്ഷൻ 9 ന്റെ ഖണ്ഡം (b) യും സെക്ഷൻ 47 ന്റെ ഉപസെക്ഷൻ നൽകുന്ന അധികാരങ്ങളുടെയും 2000 മെയ് 3 ലെ നോട്ടിഫിക്കേഷൻ നമ്പർ FEMA 10/2000-RB യിൽ വരുത്തിയ ഭാഗികമായ പരിഷ്കാരങ്ങളുടെയും അടിസ്ഥാനത്തിൽ ഭാരതീയ റിസർവ് ബാങ്ക് 2000 ലെ വിദേശ വിനിമയ മാനേജ്മെന്റ് (ഇന്ത്യൻ പൗരന്റെ വിദേശ കറൻസി അക്കൗണ്ട്) നിയന്ത്രണങ്ങളിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തുന്നു.

സംക്ഷിപ്ത തലക്കെട്ടും , സംരംഭവും :

(a) ഇനി നിയന്ത്രണങ്ങൾ വിദേശ വിനിമയ മാനേജ്മെന്റ് (ഇന്ത്യൻ പൗരന്റെ വിദേശ കറൻസി അക്കൗണ്ട്) (5-ാം ഭേദഗതി) നിയന്ത്രണം 2002 എന്നറിയപ്പെടും
(b) ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുമ്പോൾ ഇവ പ്രാബല്യത്തിൽ വരും

2. നിയന്ത്രണങ്ങളുടെ ഭേദഗതി :

2000ലെ വിദേശ വിനിമയ മാനേജ്മെന്റ് (ഇന്ത്യൻ പൗരന്റെ വിദേശ കറൻസി അക്കൗണ്ട്) റഗുലേഷനിൽ 5-ാംമത്തെ റഗുലേഷന്ശേഷം താഴെ പറയുന്ന റഗുലേഷൻ കൂട്ടിച്ചേർക്കപ്പെടും, അതായത് :

5. A. ഒരു റസിഡന്റ് വിദേശ കറൻസി (ഗാർഹികം) അക്കൗണ്ട് തുറക്കുക, കൈവശം വെയ്ക്കുക, നിലനിർത്തുക

(1) കറൻസി നോട്ടുകൾ, ബാങ്ക് നോട്ടുകൾ ട്രാവല്ലേഴ്സ് ചെക്കുകൾ എന്നിവയുടെ രൂപത്തിൽ ലഭിച്ചിട്ടുള്ള വിദേശ നാണ്യം ഉപയോഗിച്ച് ഒരു അംഗീകൃത ഡീലറുടെ പക്കൽ ഒരു ഇന്ത്യൻ പൗരൻ തുറന്ന് കൈവശം വെച്ച് നിലനിർത്തുന്ന ഒരു വിദേശ കറൻസി അക്കൗണ്ട് റസിഡന്റ് വിദേശ കറൻസി (ഗാർഹികം) അക്കൗണ്ട് എന്നറിയപ്പെടും.

(a) ഇന്ത്യയിൽ നിന്നുള്ള എന്തെങ്കിലും ബിസിനസിൽ നിന്നോ ഇന്ത്യയിൽ ചെയ്ത എന്തെങ്കിലും പ്രവൃത്തിയിൽ നിന്നോ അല്ലാത്ത ഏതെങ്കിലും സേവനത്തിനുള്ള പേയ്മെന്റ് എന്ന രീതിയിൽ ഇന്ത്യയ്ക്ക് പുറത്ത് ഏതെങ്കിലും സ്ഥലം സന്ദർശിച്ചപ്പോൾ; അല്ലെങ്കിൽ

(b) ഇന്ത്യയിൽ താമസിക്കാത്ത ഒരു വ്യക്തി ഇന്ത്യയിൽ സന്ദർശനം നടത്തുമ്പോൾ ചെയ്തു കൊടുത്ത സേവനത്തിന് പ്രതിഫലമായി മാനവേതനമായോ പാരിതോഷികമായോ നിയമപരമായ എന്തെങ്കിലും ചുമതലയുടെ പേരിലോ ലഭിച്ചത്; അല്ലെങ്കിൽ

(c) ഇന്ത്യയ്ക്ക് പുറത്ത് ഏതെങ്കിലും സ്ഥലം സന്ദർശിച്ചപ്പോൾ മാനവേതനമായോ പാരിതോഷികമായോ ലഭിച്ചത്, അല്ലെങ്കിൽ

(d) വിദേശ സന്ദർശനത്തിന് അധികാരപ്പെടുത്തിയ ഒരു വ്യക്തിയിൽ നിന്നും ലഭിച്ച ചെലവാക്കാത്ത വിദേശ നാണ്യമാണെങ്കിൽ

(2) അക്കൗണ്ടുകളിലേക്കുള്ള ഡെബിറ്റുകൾ വിദേശ വിനിമയ മാനേജ്മെന്റ് (കറണ്ട് അക്കൗണ്ട് ഇടപാടുകൾ) നിയമങ്ങൾ 2000ത്തിന്റെ വകുപ്പുകൾ അനുസരിച്ച് ഒരു കറണ്ട് അക്കൗണ്ട് ഇടപാടിലേക്കുള്ള അടവിലേയ്ക്ക് വിദേശ വിനിമയ മാനേജ്മെന്റ് (അനുവദനീയമായ ക്യാപിറ്റൽ അക്കൗണ്ട് ഇടപാട്) നിയന്ത്രണം 2000 ന് കീഴിൽ അനുവദനീയമായ ഒരു കാപ്പിറ്റൽ അക്കൗണ്ട് ഇടപാടിലേക്കായിരിക്കും.

3. അക്കൗണ്ട് കറണ്ട് അക്കൗണ്ട് രൂപത്തിലായിരിക്കും. പലിശ  ഉണ്ടാകുന്നതല്ല.

4. അക്കൗണ്ടിലെ ബാലൻസുകൾക്ക് പരിധി ഉണ്ടായിരിക്കുന്നതല്ല.

കെ.ജെ. ഉദേഷി

എക്സിക്യൂട്ടീവ് ഡയറക്ടർ